"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**



**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - കോഴിക്കോട് കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ - ടി.കെ. ഉത്തമന്റെ മകൾ ശ്രീമതി.രമ്യ.യു.ജി - എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(കൈ) നം.70/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/02/2021

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.പ.ഭ.വ. നമ്പർ ഉത്തരവ്

2. ശ്രീമതി.രമ്യ.യു.ജി. സമർപ്പിച്ച 14.10.2019 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 11.02.2020 തീയതിയിലെ ഇ4/26664/2019 നമ്പർ കത്ത്.
4. 21.02.2018. തീയതിയിലെ സ.ഉ.(കൈ) നം.5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 16.09.2020 ലെ DCKKD/3348/2020-S4 നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 02.02.2019 തീയതിയിൽ മരണപ്പെട്ട ടി.കെ. ഉത്തമന്റെ മകൾ ശ്രീമതി.രമ്യ.യു.ജി. അപേക്ഷ സമർപ്പിച്ചിരുന്നു. ടി.കെ.ഉത്തമന്റെ സേവനകാലം 30 വർഷവും 04 മാസവും 17 ദിവസവുമാണ്. പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 15.05.1961 , 13.09.1988 ആണ്. നഗരകാര്യ ഡയറക്ടറും കോഴിക്കോട് ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

അപേക്ഷക എസ് എസ് എൽ സി വിജയിച്ചിട്ടുള്ളതും ടിയാരിയുടെ ജനനത്തീയതി 02.03.1987 ആണ്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാരി സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി.രമ്യ.യു.ജി. യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ജീവിത പങ്കാളിയുടേത് ഉൾപ്പെടെയുള്ള കുടുംബ വാർഷിക വരുമാനം 68,000/- (30000+38000) രൂപയാണെന്ന് (അറുപത്തിയെട്ടായിരം രൂപ മാത്രം) തിക്കോടി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അപേക്ഷക വിവാഹശേഷവും മരണപ്പെട്ട ജീവനക്കാരനെ ആശ്രയിച്ച് കഴിയുകയായിരുന്നു

എന്ന് കൊയിലാണ്ടി തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 02.02.2019 ന് മരണപ്പെട്ട ടി.കെ.ഉത്തമന്റെ മകൾ ശ്രീമതി.രമ്യ.യു.ജി-യ്ക്ക് കോഴിക്കോട് കോർപ്പറേഷനിലോ കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും നഗരസഭയിലോ എൽ ഡി ക്ലാർക്ക് തസ്തികയിൽ പരാമർശം 1 ലെ ഉത്തരവിന് വിധേയമായി നിശ്ചിത ശതമാനത്തിൽ അധിക്കരിക്കരുതെന്ന വ്യവസ്ഥയിൽ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

ഈ ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

<u>പകർപ്പ്</u>

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി,കോഴിക്കോട് കോർപ്പറേഷൻ

ജില്ലാ കളക്ടർ , കോഴിക്കോട്.

ശ്രീമതി രമ്യ യു ജി, അടിയോട്ടിൽ ഹൗസ് , പുറക്കാട് പി ഒ, തിക്കോടി , കോഴിക്കോട്.673522

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/51/2020-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ